## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4480 — 25/06/2019-ൽ മറുപടിയ്ക്ക്

## അങ്കമാലി നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ സർക്കാർ/ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പ്രവത്തനങ്ങൾക്കായി വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഇനത്തിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കാമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ 4 സർക്കാർ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 3.21 കോടി രൂപയുടെ (മൂന്നു കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) പദ്ധതി (പ്ലാൻ)യിനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയേതര (നോൺ പ്ലാൻ) യിനത്തിൽ തുക അനുവദിച്ചിട്ടില്ല. |
| (ബി) ഇതിൽ ഏതെല്ലാം സർക്കാർ/ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗവ. എച്ച്.എസ്, പാലിശ്ശേരി<br>2. ഗവ. എച്ച്.എസ്, കുറുമശ്ശേരി<br>3. ഗവ. എച്ച്.എസ്, മൂക്കന്നൂർ<br>4. ഗവ. എച്ച്.എസ്, മഞ്ഞപ്ര<br>ടി സ്കൂളുകൾക്ക് സാങ്കേതികാനുമതി ആയിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ എം.എൽ.എ.ഫണ്ടിൽ നിന്നും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ ഏതെല്ലാം സ്കൂൾകെട്ടിടങ്ങൾക്കാണ് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല. |

(ഡി) ഇനി ഇത്തരം എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതികാനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 4 സ്കൂളുകൾക്ക് സാങ്കേതികാനുമതി ആയിട്ടില്ല.

(ഇ) ഭരണാനുമതി കിട്ടിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനും തുടർ നടപടി വേഗത്തിലാക്കുന്നതിനുമായി എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ഇ) പ്രസ്തുത സ്കൂളുകളിലെ പ്രധാനാധ്യാപകരുടെ യോഗം വിളിച്ച്, സാങ്കേതികാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

Reena

സെക്ഷൻ ഓഫീസർ